കേരള സർക്കാർ

തദ്ദേശ സ്വയംഭരണ (ഇഎം) വകുപ്പ്

നം: 62091/ഇഎം1/10/തസ്വഭവ    തിരുവനന്തപുരം, തീയതി: 18/11/2010.

## സർക്കുലർ

വിഷയം:- തദ്ദേശ സ്വയംഭരണ വകുപ്പ് - തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പിനെ തുടർന്ന് സ്വീകരിക്കേണ്ട നടപടികൾ - കാലാവധി പൂർത്തിയാകാത്ത പഞ്ചായത്തുകളിലെ സത്യപ്രതിജ്ഞ/ദൃഢപ്രതിജ്ഞ - തീയതി നിശ്ചയിക്കുന്നത് - സംബന്ധിച്ച്

സൂചന:- 1) 08-10-2010 -ലെ 62091/ഇഎം1/10/തസ്വഭവ നമ്പർ സർക്കുലർ.
2) സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ സെക്രട്ടറിയുടെ 09/11/10 ലെ 7598/ബി/10/സം.തി.ക നമ്പർ കത്ത്.

സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള 2010 -ലെ പൊതുതെരഞ്ഞെടുപ്പിനുശേഷം സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ സംബന്ധിച്ച്, 1994 -ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലേയും, 1994 -ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലേയും അത് പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള ചട്ടങ്ങളിലെയും വ്യവസ്ഥകൾ അടിസ്ഥാനമാക്കി സൂചന (1) പ്രകാരം സർക്കാർ വിശദമായ നിർദ്ദേശങ്ങൾ നൽകിയിരുന്നു. ആയതുപ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്ക് തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങളുടെ സത്യപ്രതിജ്ഞ/ദൃഢപ്രതിജ്ഞ 2010 നവംബർ 1-ാം തീയതി നടത്തേണ്ടതാണെന്ന് നിർദ്ദേശിച്ചിരുന്നു. എന്നാൽ ഭരണ സമിതികളുടെ കാലാവധി 2010 നവംബർ 1-ന് പൂർത്തിയായിട്ടില്ലാത്ത പഞ്ചായത്തുകളുടെ സംഗതിയിൽ, തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങളുടെ സത്യപ്രതിജ്ഞ 01-11-2010 -ൽ നടന്നിട്ടില്ലായെന്നും പ്രസ്തുത പഞ്ചായത്തുകളുടെ കാര്യത്തിൽ ഭരണ സമിതികളുടെ കാലാവധി പൂർത്തീകരിക്കുന്ന മുറക്ക് അംഗങ്ങളുടെ സത്യപ്രതിജ്ഞ/ദൃഢപ്രതിജ്ഞ ചെയ്യുന്നതിനുള്ള തീയതി നിശ്ചയിക്കണമെന്നും സൂചന (2) പ്രകാരം സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ സെക്രട്ടറി, സർക്കാരിനോടാവശ്യപ്പെട്ടു.

2) സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ ആവശ്യപ്പെട്ട പ്രകാരം, 01-11-2010 -ൽ ഭരണ സമിതികളുടെ കാലാവധി പൂർത്തിയാകാത്ത തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങളുടെ സത്യപ്രതിജ്ഞ/ദൃഢപ്രതിജ്ഞ അനുബന്ധമായി ചേർത്തിട്ടുള്ള പട്ടികയിൽ പറഞ്ഞിരിക്കുന്ന പ്രകാരമുള്ള തീയതികളിൽ നടത്തേണ്ടതാണെന്ന് എന്ന് നിർദ്ദേശിക്കുന്നു. പ്രസ്തുത തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങളുടെ സത്യപ്രതിജ്ഞ/ദൃഢപ്രതിജ്ഞ, ഇതിലേക്കായി

....2/

നിശ്ചയിച്ചിട്ടുള്ള തീയതിയിൽ രാവിലെ 10.00 മണിക്ക് നടത്തേണ്ടതാണ്. തെരഞ്ഞെടുപ്പിനെത്തുടർന്ന് സ്വീകരിക്കേണ്ട മറ്റ് നടപടികൾ സൂചന(1) -ലെ സർക്കുലറിൽ നിർദ്ദേശിച്ചിട്ടുള്ള പ്രകാരം നിർവ്വഹിക്കേണ്ടതാണ് എന്നും നിർദ്ദേശിക്കുന്നു.

ജി. അൽഫോൻസ,
അഡീഷണൽ സെക്രട്ടറി.

സെക്രട്ടറി, സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ, തിരുവനന്തപുരം.
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
ഗ്രാമ വികസന കമ്മീഷണർ, തിരുവനന്തപുരം.
എല്ലാ ജില്ലാ കളക്ടർമാർക്കും.
നഗരകാര്യ റീജിയണൽ ജോയിന്റ് ഡയറക്ടർ, കൊല്ലം/കൊച്ചി/കോഴിക്കോട്.
എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും.
എല്ലാ മുനിസിപ്പൽ കൗൺസിൽ/മുനിസിപ്പൽ കോർപ്പറേഷൻ സെക്രട്ടറിമാർക്കും.
എല്ലാ അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണർ (ജനറൽ) മാർക്കും.
ഡയറക്ടർ, വിവര പൊതുജനസമ്പർക്ക വകുപ്പ്.
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, പാങ്ങപ്പാറ, തിരുവനന്തപുരം
(തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

**അനുബന്ധം**

**പട്ടിക**

| ക്രമ നമ്പർ | തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പേര് | ജില്ല | തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ സത്യപ്രതിജ്ഞ/ ദൃഢപ്രതിജ്ഞ ചെയ്യുന്നതിനുള്ള തീയതി |
|---|---|---|---|
| 1 | കാവന്നൂർ ഗ്രാമ പഞ്ചായത്ത് | മലപ്പുറം | 26/11/2010 |
| 2 | ആലങ്കോട് ഗ്രാമ പഞ്ചായത്ത് | മലപ്പുറം | 29/11/2010 |
| 3 | ആനിക്കാട് ഗ്രാമ പഞ്ചായത്ത് | പത്തനംതിട്ട | 30/11/2010 |
| 4 | എടക്കാട്ടുവയൽ ഗ്രാമ പഞ്ചായത്ത് | എറണാകുളം | 30/11/2010 |
| 5 | മാറാടി ഗ്രാമ പഞ്ചായത്ത് | എറണാകുളം | 30/11/2010 |
| 6 | മുടക്കുഴ ഗ്രാമ പഞ്ചായത്ത് | എറണാകുളം | 30/11/2010 |
| 7 | പാറക്കടവ് ഗ്രാമ പഞ്ചായത്ത് | എറണാകുളം | 30/11/2010 |
| 8 | കുന്നുകര ഗ്രാമ പഞ്ചായത്ത് | എറണാകുളം | 30/11/2010 |
| 9 | ഇടപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് | എറണാകുളം | 30/11/2010 |
| 10 | പാറക്കടവ് ബ്ലോക്ക് പഞ്ചായത്ത് | എറണാകുളം | 30/11/2010 |
| 11 | തൃക്കാക്കര മുനിസിപ്പാലിറ്റി | എറണാകുളം | 30/11/2010 |
| 12 | കരീപ്ര ഗ്രാമ പഞ്ചായത്ത് | കൊല്ലം | 01/12/2010 |
| 13 | നെടുവത്തൂർ ഗ്രാമ പഞ്ചായത്ത് | കൊല്ലം | 01/12/2010 |
| 14 | പിറവന്തൂർ ഗ്രാമ പഞ്ചായത്ത് | കൊല്ലം | 01/12/2010 |
| 15 | ബുധനൂർ ഗ്രാമ പഞ്ചായത്ത് | ആലപ്പുഴ | 01/12/2010 |
| 16 | ചെമ്പ് ഗ്രാമ പഞ്ചായത്ത് | കോട്ടയം | 01/12/2010 |
| 17 | മരങ്ങാട്ടുപള്ളി ഗ്രാമ പഞ്ചായത്ത് | കോട്ടയം | 01/12/2010 |
| 18 | പാമ്പാടി ഗ്രാമ പഞ്ചായത്ത് | കോട്ടയം | 01/12/2010 |
| 19 | തലനാട് ഗ്രാമ പഞ്ചായത്ത് | കോട്ടയം | 01/12/2010 |
| 20 | കടവല്ലൂർ ഗ്രാമ പഞ്ചായത്ത് | തൃശ്ശൂർ | 01/12/2010 |
| 21 | കൈപ്പറമ്പ് ഗ്രാമ പഞ്ചായത്ത് | തൃശ്ശൂർ | 01/12/2010 |
| 22 | എളവള്ളി ഗ്രാമ പഞ്ചായത്ത് | തൃശ്ശൂർ | 01/12/2010 |
| 23 | പാഞ്ഞാൾ ഗ്രാമ പഞ്ചായത്ത് | തൃശ്ശൂർ | 01/12/2010 |
| 24 | വള്ളത്തോൾ ഗ്രാമ പഞ്ചായത്ത് | തൃശ്ശൂർ | 01/12/2010 |
| 25 | തൃത്താല ഗ്രാമ പഞ്ചായത്ത് | പാലക്കാട് | 01/12/2010 |
| 26 | വാഴയൂർ ഗ്രാമ പഞ്ചായത്ത് | മലപ്പുറം | 01/12/2010 |
| 27 | ആയഞ്ചേരി ഗ്രാമ പഞ്ചായത്ത് | കോഴിക്കോട് | 01/12/2010 |

| | | | |
|---|---|---|---|
| 28 | ചേളന്നൂർ ഗ്രാമ പഞ്ചായത്ത് | കോഴിക്കോട് | 01/12/2010 |
| 29 | കുന്ദമംഗലം ഗ്രാമ പഞ്ചായത്ത് | കോഴിക്കോട് | 01/12/2010 |
| 30 | ഓമശ്ശേരി ഗ്രാമ പഞ്ചായത്ത് | കോഴിക്കോട് | 01/12/2010 |
| 31 | മൂപ്പൈനാട് ഗ്രാമ പഞ്ചായത്ത് | വയനാട് | 01/12/2010 |
| 32 | കണിയാമ്പറ്റ ഗ്രാമ പഞ്ചായത്ത് | വയനാട് | 01/12/2010 |
| 33 | കൽപ്പറ്റ ബ്ലോക്ക് പഞ്ചായത്ത് | വയനാട് | 01/12/2010 |
| 34 | പൈവളിഗെ ഗ്രാമ പഞ്ചായത്ത് | കാസർഗോഡ് | 01/12/2010 |
| 35 | എടവണ്ണ ഗ്രാമ പഞ്ചായത്ത് | മലപ്പുറം | 05/12/2010 |
| 36 | പുൽപ്പറ്റ ഗ്രാമ പഞ്ചായത്ത് | മലപ്പുറം | 17/12/2010 |
| 37 | മാമ്പാട് ഗ്രാമ പഞ്ചായത്ത് | മലപ്പുറം | 19/12/2010 |
| 38 | അമരമ്പലം ഗ്രാമ പഞ്ചായത്ത് | മലപ്പുറം | 19/12/2010 |
| 39 | വണ്ടൂർ ബ്ലോക്ക് പഞ്ചായത്ത് | മലപ്പുറം | 22/12/2010 |
| 40 | ചോക്കാട് ഗ്രാമ പഞ്ചായത്ത് | മലപ്പുറം | 26/12/2010 |
| 41 | തൃക്കലങ്ങോട് ഗ്രാമ പഞ്ചായത്ത് | മലപ്പുറം | 16/01/2011 |
| 42 | മംഗലം ഗ്രാമ പഞ്ചായത്ത് | മലപ്പുറം | 01/02/2011 |
| 43 | വെട്ടം ഗ്രാമ പഞ്ചായത്ത് | മലപ്പുറം | 01/02/2011 |
| 44 | തിരുനാവായ ഗ്രാമ പഞ്ചായത്ത് | മലപ്പുറം | 01/02/2011 |
| 45 | മക്കരപ്പറമ്പ് ഗ്രാമ പഞ്ചായത്ത് | മലപ്പുറം | 01/02/2011 |
| 46 | തിരൂർ ബ്ലോക്ക് പഞ്ചായത്ത് | മലപ്പുറം | 01/02/2011 |